**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 338** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യമൃഗശല്യത്തിന് പരിഹാരം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. കാസിം ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിന് വനാതിർത്തികളിൽ സോളാർ ഫെൻസിങ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുമ്പോൾ ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അനുമതിയോടെ തുക ചെലവഴിക്കുന്നതിന് അനുമതി നൽകുമോ; ഇല്ലെങ്കിൽ, അതിനുള്ള ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമോ;

**<u>മറുപടി:</u>** പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സൗരവേലി, റിപ്പലന്റ്സ്, സ്കെയറേഴ്സ്, അലാം സിഗ്നലുകൾ എന്നീ പ്രോജക്ടുകൾ ചെറുകിട നാമമാത്ര കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഏറ്റെടുക്കുന്നതിന് എല്ലാതലത്തിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുമതിയുണ്ട്. നിർമ്മാണത്തിന് ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച്, അതിന്റെ പരമാവധി 50% വരെ സബ്സിഡി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. ഇതിനുപുറമെ സംയുക്ത പദ്ധതിയായും ഏറ്റെടുക്കാവുന്നതാണ്.

**(ബി)** സോളാർ ഫെൻസിങ് ഉൾപ്പെടെയുള്ള പ്രതിരോധ സംവിധാനങ്ങളിൽ ചെടികളും വള്ളിപ്പടർപ്പുകളും കയറി പ്രവർത്തനം നിലയ്ക്കുന്ന സാഹചര്യത്തിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ?

**<u>മറുപടി:</u>** അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള വ്യവസ്ഥ നിലവിലെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ തയ്യാറാക്കുന്ന സമയത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള വ്യവസ്ഥ ഉൾപപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**